(സി) ഇടുക്കി ജില്ലയിൽ 230-ൽപരം ഹെക്ടർ കയ്യേറിയിട്ടുള്ളതായും പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ 3 പട്ടയങ്ങൾ വ്യാജമാണെന്നും കണ്ടെത്തിയിട്ടുണ്ട്. അന്വേഷണം പൂർത്തിയാകാത്തതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി) അന്വേഷണം നടന്നുവരുന്നു.

(ഇ) അന്വേഷണം പൂർത്തിയാകാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. എന്നിരുന്നാലും ശ്രീ. രാജൻമാധേക്കർ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എട്ട് റവന്യൂ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(എഫ്) കൃത്യമായ കണക്ക് ലഭ്യമായിട്ടില്ല.

(ജി) അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്)-ന്റെ 1-4-2004-ലെ ജി10-6454/03/എസ്.ബി. നമ്പർ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ദേവികുളം ആർ.ഡി.ഒ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എട്ട് റവന്യൂ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ വ്യാജ പട്ടയങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(എച്ച്) കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഐ) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

റവന്യൂ അദാലത്തുകൾ

162 [1161] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സർക്കാർ സംഘടിപ്പിച്ച റവന്യൂ അദാലത്തിലൂടെ പിരിച്ചെടുക്കാൻ കഴിഞ്ഞ റവന്യൂ കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) റവന്യൂ അദാലത്തുകൾ എല്ലാ ആറുമാസത്തിലൊരിക്കൽ എന്ന രീതിയിൽ നടത്തി റവന്യൂ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വർഷം സർക്കാർ സംഘടിപ്പിച്ച റവന്യൂ അദാലത്തിൽ റവന്യൂ കുടിശ്ശിക പിരിവ് ഒരു വിഷയമായി ഉൾപ്പെടുത്തിയിരുന്നില്ല. നിശ്ചിത വിഷയങ്ങളിൽ പൊതുജനങ്ങൾക്കുള്ള പരാതി പരിഹരിക്കുന്നതിനു വേണ്ടിയാണ് റവന്യൂ അദാലത്ത് സംഘടിപ്പിച്ചത്.

(ബി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

നക്ഷത്രചിഹ്നമിടാത്ത 930, 934, 937, 945, 946, 948, 951, 952, 955, 1002 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly